**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1158** **03/12/2015 ൽ മറുപടിയ്ക്ക്**

പാഠപുസ്തക വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി. വിജയദാസ് | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) 2015-16 അദ്ധ്യയന വർഷം അവസാനിക്കാൻ ചുരുങ്ങിയ ദിവസങ്ങൾ മാത്രം അവശേഷിക്കുമ്പോഴും പാഠപുസ്തകങ്ങൾ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാതിരുന്നത് എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ;<br>ബി) പ്രസ്തുത വിഷയം സംബന്ധിച്ച് മാധ്യമവാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ക്രിസ്തുമസ് പരീക്ഷയ്ക്ക് മുൻപ് പാഠപുസ്തക വിതരണം പൂർത്തീകരിയ്ക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ? | (എ)<br>&<br>(ബി) | സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരം ഉള്ള രണ്ടാം വാല്യം പാഠപുസ്തക വിതരണം 30.10.2015 നകം പൂർത്തിയായതായി കെ.ബി.പി.എസ് അറിയിച്ചിട്ടുണ്ട്. അധികമായി പാഠപുസ്തകങ്ങൾ ആവശ്യമുള്ള പക്ഷം അതിനുവേണ്ടിയുള്ള ഇൻഡന്റ് 07.12.2015 നകം നൽകാനും അതനുസരിച്ച് പുസ്തകങ്ങൾ വിതരണം ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ രണ്ടാംഘട്ട വിതരണവും പൂർത്തിയായിട്ടുണ്ട്. മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ